പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2797 — 10.12. 2014 ൽ മറുപടിക്ക്.

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (എ) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി വരുത്തി 29.08.2014 ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ്, ഹോസ്റ്റൽ സൗകര്യം കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുക എന്നീ കാര്യങ്ങളിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കാനും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിയ്ക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ